നടപടി ക്രമം

**അഡീഷണൽ ഡയറക്ടർ ജനറൽ എൻ .സി .സി , എൻ .സി .സി.ഡയറക്ടറേറ്റ്**
**(കേരളവും ലക്ഷദ്വീപും) സംസ്ഥാന വിഭാഗം, തിരുവനന്തപുരം**
**(ഹാജർ : മേജർ ജനറൽ അലോക് ബെറി)**

**എൻ .സി. സി ജീവനക്കാര്യം : കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് - സമാന തസ്തികയിലുള്ള തസ്തിക മാറ്റം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

നമ്പർ.402/എ6-എസ്റ്റാ/2022/എൻ.സി.സി തിരുവനന്തപുരം തീയതി: 26 ഏപ്രിൽ 2022

സൂചന : (1) ജി.ഒ (പി) നമ്പർ 305/84/ജി.എ.ഡി തീയതി 31.08.1984.

(2) ജി.ഒ (കൈ) നമ്പർ 1/2018/ഉ.ഭ.പ.വ തീയതി 27.01.2018.

(3) ഈ ഓഫീസിലെ 13.01.2022 ലെ 35/A6-Est/2019/NCC നമ്പർ കത്ത്.

(4) എൻ.സി.സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, എറണാകുളം കത്ത് നമ്പർ 822/01/എസ്റ്റാ/465 തീയതി 02.02.2022, 822/01/എസ്റ്റാ/1330 തീയതി 14.03.2022, 822/01/എസ്റ്റാ/1083 തീയതി 14.03.2022, 822/01/എസ്റ്റാ/1428 തീയതി 14.03.2022, 822/01/എസ്റ്റാ/1185 തീയതി 17.03.2022.

(5) എൻ.സി.സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കൊല്ലം കത്ത് നമ്പർ 401/8/Est, തീയതി 20.01.2022.

(6) എൻ.സി.സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കോഴിക്കോട് കത്ത് നമ്പർ 154/എസ്റ്റാ III, തീയതി 09.02.2022.

(7) എൻ.സി.സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം കത്ത് നമ്പർ E3/2656/Gp HQ/NCC, തീയതി 08.02.2022.

(8) ഈ ഓഫീസിലെ 13 ഏപ്രിൽ 2022 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ്**

1. സൂചന (1) ലെ സർക്കാർ ഉത്തരവനുസരിച്ച് പൊതുവായ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ച ഒരേ ശമ്പള സ്കെയിലിലുള്ള ക്ലാസ് ഫോർ ജീവനക്കാർക്ക് അവരുടെ അപേക്ഷ പ്രകാരം, തസ്തിക മാറ്റം അനുവദനീയമാണ്. ഇപ്രകാരം ഗ്രൂപ്പ് തലത്തിൽ ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഓഫീസ് | അപേക്ഷകരുടെ എണ്ണം |
|---|---|---|
| 1. | എൻ.സി.സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, എറണാകുളം | 05 |
| 2. | എൻ.സി.സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം | 02 |
| 3. | എൻ.സി.സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കോഴിക്കോട് | 01 |
| 4. | എൻ.സി.സി. ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്, കൊല്ലം | 01 |

2. അപേക്ഷകളുടെ വിശദമായ പരിശോധനയിലും, നിലവിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിലും ചുവടെ കൊടുത്തിരിക്കുന്ന അപേക്ഷകർക്ക് തസ്തിക മാറ്റത്തിന് യോഗ്യത ഉള്ളതായി കാണുകയും പരാമർശം 1,2 സർക്കാർ ഉത്തരവുകളുടെ വ്യവസ്ഥകൾക്ക് വിധേയമായി ചുവടെ പറയുന്ന അപേക്ഷകരുടെ തസ്തിക മാറ്റം അനുവദിച്ചുകൊണ്ടും അവരുടെ പേരിന്റെ എതിരെ സൂചിപ്പിച്ചിരിക്കുന്ന യൂണിറ്റിലേക്ക് സ്ഥലം മാറ്റിക്കൊണ്ടും സൂചന (8) പ്രകാരം ഉത്തരവ് താത്കാലികമായി പുറപ്പെടുവിക്കുകയും, കൂടാതെ ഉത്തരവിൽ എന്തെങ്കിലും ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ 21 ഏപ്രിൽ 2022 തീയതിക്കകം ഈ ഓഫീസിൽ അറിയിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.

......2/-

3. ഈ ഓഫീസിൽ യാതൊരു ആക്ഷേപങ്ങളും ഇതിനോടകം ലഭിക്കാത്ത സാഹചര്യത്തിൽ ചുവടെ കൊടുത്തിരിക്കുന്ന വ്യക്തികൾക്ക് തസ്തികമാറ്റം അനുവദിച്ചു കൊണ്ടും അവരുടെ പേരിന് എതിരെ സൂചിപ്പിച്ചിരിക്കുന്ന ഓഫീസുകളിലേക്ക് സ്ഥലം മാറ്റിക്കൊണ്ടും ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, പെൻ, യൂണിറ്റ് | നിലവിലുള്ള തസ്തിക | മാറ്റം വരുത്തിയ തസ്തിക | നിയമനം ലഭിച്ച യൂണിറ്റ് |
|---|---|---|---|---|
| 1. | ശ്രീ. വിജയൻ എസ്.വി<br>പെൻ – 898633<br>7 കേരള ഗേൾസ് ബറ്റാലിയൻ എൻ.സി.സി, തൃശ്ശൂർ | ചൗക്കിദാർ ഗ്രേഡ്-II | ലാസ്കർ ഗ്രേഡ്-II | 7 കേരള ഗേൾസ് ബറ്റാലിയൻ എൻ.സി.സി, തൃശ്ശൂർ |
| 2. | ശ്രീ. മുകുന്ദൻ കെ<br>പെൻ – 898411<br>1 കേരള ആർ & വി സ്ക്വാഡ്രൺ, തൃശ്ശൂർ | ചൗക്കിദാർ ഗ്രേഡ്-II | ലാസ്കർ ഗ്രേഡ്-II | 24 കേരള ബറ്റാലിയൻ എൻ.സി.സി, തൃശ്ശൂർ |
| 3. | ശ്രീ. സെബി സി.ജെ<br>പെൻ – 899250<br>23 കേരള ബറ്റാലിയൻ എൻ.സി.സി, തൃശ്ശൂർ | ചൗക്കിദാർ ഗ്രേഡ്-II | ലാസ്കർ ഗ്രേഡ്-II | 23 കേരള ബറ്റാലിയൻ എൻ.സി.സി, തൃശ്ശൂർ |
| 4 | ശ്രീ. മോഹനൻ പി.ജി<br>പെൻ – 751916<br>24 കേരള ബറ്റാലിയൻ എൻ.സി.സി, തൃശ്ശൂർ | ലാസ്കർ ഗ്രേഡ്-II | ഒ.എ ഗ്രേഡ്-II | 7 കേരള ഗേൾസ് ബറ്റാലിയൻ എൻ.സി.സി, തൃശ്ശൂർ |
| 5. | ശ്രീ. സുലൈമാൻ പി<br>പെൻ – 899218<br>24 കേരള ബറ്റാലിയൻ എൻ.സി.സി, തൃശ്ശൂർ | ചൗക്കിദാർ ഗ്രേഡ്-II | ലാസ്കർ ഗ്രേഡ്-II | 24 കേരള ബറ്റാലിയൻ എൻ.സി.സി, തൃശ്ശൂർ |
| 6. | ശ്രീ. സുബാഷ് കെ<br>പെൻ – 896512<br>9 കേരള ബറ്റാലിയൻ എൻ.സി.സി, കൊട്ടാരക്കര | ചൗക്കിദാർ ഗ്രേഡ്-II | ലാസ്കർ ഗ്രേഡ്-II | 9 കേരള ബറ്റാലിയൻ എൻ.സി.സി, കൊട്ടാരക്കര |

4. മേൽ വിവരിച്ച സ്ഥലം മാറ്റം മുഖേന ലാസ്കർ ഗ്രേഡ്-II/ഓഫീസ് അറ്റൻഡൻറ് ഗ്രേഡ്-II/ചൗക്കിദാർ ഗ്രേഡ്-II എന്നീ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി അല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിലവിലെ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് നികത്തേണ്ടതാണ്. കൂടാതെ ചൗക്കിദാറിന്റെ അഭാവത്തിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ പ്രസ്തുത ഡ്യൂട്ടി റൊട്ടേഷൻ മുഖേന ചെയ്യേണ്ടതാണ് എന്നും അറിയിക്കുന്നു. തസ്തിക മാറ്റവും സ്ഥലം മാറ്റവും സംബന്ധിച്ച വിശദാംശങ്ങൾ മേൽ വിവരിച്ച വ്യക്തികളുടെ സർവ്വീസ് ബുക്കിൽ മേലധികാരി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാകുന്നു.

ഒപ്പ്/- x x x
അഡീഷണൽ ഡയറക്ടർ ജനറൽ എൻ.സി.സി

<u>പകർപ്പ്:</u>

1. എല്ലാ ഓഫീസുകൾക്കും, വ്യക്തികൾക്കും വെബ്സൈറ്റ് മുഖേന
2. A2-II
3. ഐ.റ്റി.സെൽ
4. സ്റ്റോക്ക് ഫയൽ/സർക്കുലേഷൻ/ഫയൽ

<u>ഉത്തരവിൻ പ്രകാരം</u>

എൻ.സി.സി ഡയറക്ടറേറ്റ് സംസ്ഥാന വിഭാഗം തിരുവനന്തപുരം-10 കേരളവും ലക്ഷദ്വീപും

SREEJITH.R
PEN384880
Senior Superintendent
NCC Directorate(K&L)